**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4073** **17-03-2025 - ൽ മറുപടിയ്ക്ക്**

**പുനലൂരിൽ എക്സൈസ് റേഞ്ച് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | താലൂക്ക് വിഭജനത്തിന്റെ ഭാഗമായി പുനലൂർ താലൂക്ക് രൂപീകരിച്ചപ്പോൾ പുനലൂരിൽ ഉണ്ടായിരുന്ന എക്സൈസ് റേഞ്ച് ഓഫീസ് നഷ്ടപ്പെട്ടതിനാൽ പുതിയ റേഞ്ച് ഓഫീസുകൾ അനുവദിക്കുമ്പോൾ പുനലൂരിന് പ്രഥമ പരിഗണന നൽകുമോ; ഇവിടെ പുതിയ എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ടും പ്രൊപ്പോസലും വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകാമോ; | (എ) | കൊല്ലം ജില്ലയിലെ അഞ്ചൽ റേഞ്ച് ഓഫീസ് വിഭജിച്ച് അഞ്ചൽ, പുനലൂർ എന്നീ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാരപരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതുതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി വകുപ്പിൽ നിന്നും സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാം ഘട്ടത്തിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി കൊല്ലം ജില്ലയിലെ അഞ്ചൽ റേഞ്ച് ഓഫീസ് വിഭജിച്ച് അഞ്ചൽ, പുനലൂർ എന്നീ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെ 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുവാനുള്ള ശിപാർശ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചു കൊണ്ട് പുതിയ റെയ്ഞ്ചുകൾ അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും, സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിന് വേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റെയ്ഞ്ചുകൾക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതിനാൽ |

| | | | |
|---|---|---|---|
| | | | അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എണ്ണം തസ്തികകളും മറ്റ് വിഭാഗങ്ങളിൽ നിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റെയ്ഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നു എങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് (ഉദാ-sentry, കോടതി duty) man power savings കണ്ടെത്തിയും പുതിയ റെയ്ഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി തസ്തികകൾ പുന:ക്രമീകരിക്കുന്നതിനു രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തല്സ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പുനലൂർ സർക്കിൾ പരിധിയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കഞ്ചാവ്, പുകയില, വ്യാജ മദ്യ, ലഹരി കേസുകൾ എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | കഞ്ചാവ് കേസുകൾ - 237 കേസ്<br><br>പുകയില കേസുകൾ- 2040 കേസ്<br><br>വ്യാജ മദ്യ കേസുകൾ - 699 കേസ്<br><br>ലഹരി കേസുകൾ - 14 കേസ് |
| (സി) | തമിഴ്നാട് അതിർത്തി ഗ്രാമമായ ആര്യങ്കാവിൽ റിപ്പോർട്ട് ചെയ്യുന്ന ലഹരി കടത്തു കേസുകൾ, തൊണ്ടി മുതലുകൾ എന്നിവ അറുപത് കിലോമീറ്റർ അകലെയുള്ള അഞ്ചൽ എക്സൈസ് റേഞ്ച് ഓഫീസിൽ കൈകാര്യം ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാന അതിർത്തിയിൽ പരിശോധന സംഘങ്ങളെ വെട്ടിച്ചു കടന്നുപോകുന്ന വാഹനങ്ങൾ പിന്തുടരുന്നതിന് അഞ്ചൽ എക്സൈസ് റേഞ്ചിൽ നിന്നും സംഘം പോകേണ്ടതുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെക്പോസ്റ്റിൽ തന്നെ 1 വാഹനവും 2 ഡ്രൈവർ തസ്തികയും അനുവദിച്ചിട്ടുണ്ട്. അതിനാൽ അഞ്ചൽ റേഞ്ചിൽ നിന്നും അനധികൃത വാഹനത്തെ പിൻതുടരേണ്ടി വന്നിട്ടില്ല. |
| (ഡി) | 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനലൂർ എക്സൈസ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന് 3.5 കോടി വകയിരുത്തുകയും ഇവിടെ പുതിയ എക്സൈസ് സർക്കിൾ ഓഫീസ്, പുതിയ എക്സൈസ് റേഞ്ച് ഓഫീസ്, വിമുക്തി ട്രെയിനിങ് സെൻറർ, ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിലും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത നിലയിൽ റെയ്ഞ്ച് ഓഫീസും സർക്കിൾ ഓഫീസും ഒരേ | (ഡി) | അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത നിലയിൽ റെയ്ഞ്ച് ഓഫീസും സർക്കിൾ ഓഫീസും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് കൊണ്ടും വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തുന്ന വിഷയം പരിശോധിച്ചതിൽ ലഹരി വസ്തുക്കളുടെ വിൽപ്പനയും വിപണനവും വൻതോതിൽ വർദ്ധിയ്ക്കുന്നതിനാലും, യുവജനങ്ങൾ, വിദ്യാർഥികൾ, സ്ത്രീകൾ അടക്കമുള്ളവർ ഇതിൽ |

| | | | |
|---|---|---|---|
| | സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് കൊണ്ടും വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും പുനലൂരിന് നഷ്ടപ്പെട്ട എക്സൈസ് റേഞ്ച് ഓഫീസ് വീണ്ടും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | പങ്കാളികളാകുന്നതിനാലും ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിന് പുനലൂരും, അഞ്ചലും നിലവിലുള്ള ജീവനക്കാരുടെ എണ്ണം തന്നെ പര്യാപ്തമായി കാണാത്തതിനാൽ, അപ്രകാരം ഒരു നടപടി സ്വീകരിക്കുന്നത് പ്രായോഗികമായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ-മലയാളം"**

EXC/837/2021/XD-1

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 19.05.2023
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

പ്രേഷകൻ :

എക്സൈസ് കമ്മിഷണർ

ഗ്രാഹകൻ :

അഡീഷണൽ ചീഫ് സെക്രട്ടറി
നികുതി (എഫ്) വകുപ്പ്
ഗവർമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം :- **എക്സൈസ് വകുപ്പ് - ഭരണവിഭാഗം അധികാരപരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 17 എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്.**

സൂചന :- 1. 27.05.2022-ലെ നമ്പർ നികുതി F3/272/2021 നി.വ കത്ത്.
2. 21.12.2022-ലെ 6858100/22(N/27500/22) നമ്പർ കത്ത്.
3. 22.07.2021-ലെ ഇതേ നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനിയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. അധികാരപരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി വകുപ്പിൽ നിന്നും സൂചന (3) പ്രകാരം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശുപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശുപാർശയിലെ ഒന്നാം ഘട്ടത്തിൽ രൂപീകരിക്കുവാൻ ശുപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി പുതിയ ശുപാർശ സമർപ്പിക്കേണ്ടതാണെന്നും സൂചന (1) പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

എക്സൈസ് വകുപ്പിലെ അടിസ്ഥാന എൻഫോഴ്സ്മെന്റ് യൂണിറ്റുകളാണ് എക്സൈസ് റേഞ്ച് ഓഫീസുകൾ. വകുപ്പിന് സംസ്ഥാനത്ത് ആകെ 138 റേഞ്ച് ഓഫീസുകളാണ് നിലവിലുള്ളത്. ജനസംഖ്യ 3.34 കോടിയിൽ അധികമുള്ള സംസ്ഥാനത്ത് 2.42 ലക്ഷം ജനങ്ങൾക്ക് ഒരു എക്സൈസ് റേഞ്ച് ഓഫീസ് മാത്രമാണ് ഉള്ളത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പുതിയ റേഞ്ചുകളൊന്നും രൂപീകരിക്കപ്പെട്ടിട്ടില്ല. ആയതുകൊണ്ടു തന്നെ ഓരോ റെയിഞ്ചിന്റെയും അധികാര പരിധി അഥവാ റേഞ്ചുകളുടെ വ്യാസ്തൃതി വളരെ വലുതായിരിക്കും. അത്രയും വലിയ ഭൂപ്രദേശത്തിലെ വിപുലമായ

എക്സൈസ് എൻഫോഴ്സ്മെന്റ് /ബോധവൽക്കരണ/ലഹരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നിലവിലെ റേഞ്ചാഫീസുകൾക്ക് പൂർണമായും കഴിയുകയില്ല. എല്ലാ റേഞ്ച് ആഫീസുകളിലും ശരാശരി 20- താഴെ ഉദ്യോഗസ്ഥരാണ് നിയമിക്കപ്പെട്ടിട്ടുള്ളത്. ജനസംഖ്യ, കുറ്റകൃത്യങ്ങളുടെ എണ്ണം, അവയുടെ സ്വഭാവം റേഞ്ച് പരിധിയിലെ വിദ്യാഭ്യാസ - ആയുർവ്വേദ സ്ഥാപനങ്ങൾ, SC/SC കോളനികൾ എന്നീ ഘടകങ്ങളിൽ ഉണ്ടായിരിക്കുന്ന വർദ്ധനവിന് ആപേക്ഷികമായി പുതിയ റേഞ്ച് ഓഫീസുകൾ സൃഷ്ടിക്കേണ്ടതുണ്ട്.

മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി എൻഴോസ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമേ പഞ്ചായത്ത് കമ്മറ്റികൾ, വിവിധ ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, ലൈബ്രറി എന്നിവ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ 'വിമുക്തി മിഷൻ' പരിപാടിയിലൂടെ പൊതുപരിപാടി സംഘടിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും, റേഞ്ച് ഓഫീസ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിട്ടുണ്ട്. കുറ്റക്രത്യങ്ങൾ സംബന്ധിച്ച് അറിവ് ലഭിച്ചാൽ തന്നെ റേഞ്ചുകളുടെ വിശാലത കാരണം സ്ഥലത്ത് എത്തി അനന്തരനടപടികൾ സ്വീകരിക്കുന്നതിന് മണിക്കൂറുകൾ യാത്ര ചെയ്യേണ്ട സ്ഥിതിവിശേഷവും നിലവിലുണ്ട്. വനമേഖല കേന്ദ്രീകരിച്ച് ധാരാളം അബ്കാരി കുറ്റങ്ങളുടെ എണ്ണം വർദ്ധിക്കുന്നുണ്ട് ഇത്തരം സാഹചര്യത്തിൽ മറ്റ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടുപോകുന്നത് അത്തരം റേഞ്ചുകളെ വിഭജിച്ച് രണ്ടാക്കി മാറ്റുക മാത്രമാണ് പോംവഴി. എല്ലാ എക്സൈസ് റേഞ്ച് പരിധിയിലേയും സ്കൂളുകളിൽ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ റേഞ്ച് പരിധിയിൽപ്പെടുന്ന പ്രദേശങ്ങളുടേയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള ബാഹുല്യം കാരണം ഫലപ്രദമായ രീതിയിൽ വകുപ്പിന്റെ പദ്ധതിയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുകയാണ്. സർക്കാരിന്റെ പ്രഖ്യാപിത നയമായ ലഹരിവർജ്ജനത്തിന് ശക്തവും ഫലപ്രദവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തേണ്ടതായിട്ടുണ്ട്. ഒരു എക്സൈസ് റേഞ്ചിന്റെ ഭൂവിസ്തൃതിക്കുള്ളിൽ 5 മുതൽ 20 വരെ പോലിസ് സ്റ്റേഷൻ ഉള്ള കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

പുനലൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ ആയ ശ്രീ. പി.എസ്. സുപാൽ ബഹു. എക്സൈസ് വകുപ്പ് മന്ത്രിയ്ക്ക് സർക്കാർ അടിയന്തര പ്രാധാന്യത്തോട് കൂടി ഒന്നാം ഘട്ടമായി എക്സൈസ് വകുപ്പിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 16 എക്സൈസ് റേഞ്ച് ഓഫീസുകളുടെ കൂട്ടത്തിൽ പുനലൂർ എക്സൈസ് റേഞ്ച് ഓഫീസ് കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന 2 പ്രകാരം നിവേദനം നൽകുകയുണ്ടായതിൽ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി ടി ആവശ്യം കൂടി പരിഗണിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിച്ച ഒന്നാം ഘട്ടത്തിൽ രൂപീകരിക്കേണ്ടുന്ന 16 എക്സൈസ് റേഞ്ച് ഓഫീസുകളുടെ കൂട്ടത്തിൽ പുനലൂർ എക്സൈസ് റേഞ്ച് ഓഫീസ് കൂടി ഉൾപ്പെടുത്തി 17 എക്സൈസ് റേഞ്ച് ഓഫീസുകൾ പുതിയതായി രൂപീകരിക്കുന്ന ശുപാർശ പരിഗണിക്കേണ്ടതാണ്.
മേൽ വസ്തുതകൾ കണക്കിലെടുത്ത് വിസ്തൃതി, കേസുകളുടെ എണ്ണം, ജനസംഖ്യ, എന്നിവ കണക്കിലെടുത്ത് വകുപ്പിലെ ചില റേഞ്ചുകൾ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ഇതോടൊപ്പം സമർപ്പിക്കുന്നു.

നിലവിലുള്ള റേഞ്ചിന്റേയും proposed റേഞ്ചുകളുടേയും വിസ്തൃതി, ജനസംഖ്യ,

വില്ലേജ്/പഞ്ചായത്തുകളുടെ വിവരം (വിഭജനത്തിന് മുൻപും, ശേഷവും), ടി പരിധിയിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ എണ്ണം, ലൈസൻസിഡ് സ്ഥാപനങ്ങളുടെ എണ്ണം എന്നിവ പട്ടിക രൂപത്തിൽ ചുവടെ നൽകുന്നു. ഈ മേഖലയിൽ രജിസ്റ്റർ ചെയ്ത അബ്കാരി/ എൻഡി.പി.എസ്സ് കേസുകളുടെ എണ്ണവും വർഷം തിരിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ റേഞ്ച് ഓഫീസുകളും, ആവശ്യമായ അംഗബലവും അനുവദിക്കുവാൻ അപേക്ഷിക്കുന്നു. ഇതിലൂടെ 442 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടെന്നതും കണക്കിലെടുക്കേണ്ടതാണ്. അതുപോലെ തന്നെ നിയമനിർവ്വഹണം ശക്തമാക്കപ്പെട്ടാൽ ഫീസ്, ഫൈൻ മുതലായ ഇനങ്ങളിൽ കൂടുതൽ വരുമാനവും പ്രതീക്ഷിക്കാവുന്നതാണ്. 2012-ന് ശേഷം പുതിയതായി റേഞ്ച് ഓഫീസുകൾ ഒന്നും തന്നെ രൂപീകരിച്ചിട്ടില്ല എന്നതു കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. പുതിയതായി രൂപീകരിക്കേണ്ട റേഞ്ച് ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## തിരുവനന്തപുരം ജില്ല

**നേമം റേഞ്ച്, വഞ്ചിയൂർ റേഞ്ച്**

(തിരുവനന്തപുരം റേഞ്ച് വിഭജനത്തിന് ശേഷം തിരുവനന്തപുരം, നേമം, വഞ്ചിയൂർ)

| | നിലവിലെ റേഞ്ച് | വിഭജനത്തിന് ശേഷം | | |
|---|---|---|---|---|
| | തിരുവനന്തപുരം | തിരുവനന്തപുരം | നേമം | വഞ്ചിയൂർ |
| വിസ്തീർണ്ണം | 175.45 sq.Km | 65.69 sq.Km | 72.06 sq.Km | 55.41 sq.Km |
| ജനസംഖ്യ | 812000 | 185641 | 335147 | 292462 |
| വില്ലേജുകൾ | ശാസ്തമംഗലം<br>വട്ടിയൂർക്കാവ്<br>പേരൂർക്കട<br>കവടിയാർ<br>കുടപ്പനക്കുന്ന്<br>പട്ടം<br>ഉള്ളൂർ<br>വേങ്ങാനൂർ<br>കല്ലിയൂർ<br>നേമം<br>തിരുവല്ലം<br>തിരുമല<br>മുട്ടത്തറ<br>മണക്കാട്<br>തൈയ്ക്കാട്<br>വഞ്ചിയൂർ<br>പേട്ട<br>കടകംപള്ളി | ശാസ്തമംഗലം<br>വട്ടിയൂർക്കാവ്<br>പേരൂർക്കട<br>കവടിയാർ<br>കുടപ്പനക്കുന്ന്<br>പട്ടം<br>ഉള്ളൂർ<br>പാങ്ങപ്പാറ (കഴക്കൂട്ടം റേഞ്ച്) | വേങ്ങാനൂർ<br>കല്ലിയൂർ<br>നേമം<br>തിരുവല്ലം<br>തിരുമല | മുട്ടത്തറ<br>മണക്കാട്<br>തൈയ്ക്കാട്<br>വഞ്ചിയൂർ<br>പേട്ട<br>കടകംപള്ളി<br>ചെറുവക്കൽ<br>(കഴക്കൂട്ടം റേഞ്ച്) |

| | | | | |
|---|---|---|---|---|
| കോർപ്പറേഷൻ | തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം |
| പഞ്ചായത്ത് | ഇല്ല | ഇല്ല | കല്ലിയൂർ വേങ്ങാനൂർ | ഇല്ല |
| പോലീസ് സ്റ്റേഷന് | 21 | 5 | 8 | 8 |
| ലൈസൻസ് സ്ഥാപ നങ്ങളുടെ എണ്ണം | 122 | 50 | 30 | 42 |

കഴക്കൂട്ടം റേഞ്ചിൽ നിലവിലുള്ള ചെറുവയ്ക്കൽ വില്ലേജും, പാങ്ങപ്പാറ വില്ലേജും യഥാക്രമം പുതിയതായി രൂപീകരിക്കുന്ന വഞ്ചിയൂർ റേഞ്ച് ഓഫീസിലേയ്ക്കും, തിരുവനന്തപുരം റേഞ്ച് ഓഫീസിലേയ്ക്കും, ഉൾപ്പെടുത്തുകയും, കഴക്കൂട്ടം റേഞ്ചിൽ നിന്നും 2 വില്ലേജുകൾ കുറവ് ചെയ്യേണ്ടതുമാണ്.

നിർദ്ദിഷ്ട തിരുവന്തപുരം, നേമം, വഞ്ചിയൂർ, എന്നീ റേഞ്ചിന്റെ പരിധിയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 73 | 55 | 94 | 36 | 90 | 16 |

**<u>കൊല്ലം ജില്ല</u>**

നിലവിൽ കൊല്ലം ജില്ലയിൽ 14 എക്സൈസ് റേഞ്ചുകൾ ഉണ്ട്. ജോലി ഭാരം കൊണ്ടും, വ്യാപ്തി കൊണ്ടും വിഭജിക്കേണ്ട റേഞ്ചാണ് അഞ്ചൽ റേഞ്ച്. അഞ്ചൽ റേഞ്ച് വിഭജിച്ച് അഞ്ചൽ, പുനലൂർ എന്നീ റേഞ്ചുകൾ ആക്കേണ്ടതാണ്. അഞ്ചൽ, പുനലൂർ റേഞ്ചുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**<u>പുനലൂർ റേഞ്ച്</u>**

(അഞ്ചൽ റേഞ്ച് വിഭജനത്തിന് ശേഷം അഞ്ചൽ, പുനലൂർ)

| | നിലവിലെ റേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | അഞ്ചൽ | അഞ്ചൽ | പുനലൂർ |
| വിസ്തീർണ്ണം | 726.84 sq.Km | 567.84 sq.Km | 159 sq.Km |
| ജനസംഖ്യ | 301098 | 148430 | 152658 |
| | അഞ്ചൽ | | |

| | | | |
|---|---|---|---|
| വില്ലേജുകൾ | അലയമൺ<br>ഇടമുളയ്ക്കൽ<br>അറയ്ക്കൽ<br>ഏരൂർ<br>ചണ്ണപ്പേട്ട<br>തിങ്കൾക്കരിക്കം<br>കളത്തുപ്പുഴ<br>പുനലൂർ<br>ഇടമൺ<br>ആര്യങ്കാവ്<br>തെന്മല<br>ആയിരനല്ലൂർ<br>വാളക്കോട്<br>കരവാളൂർ | അഞ്ചൽ<br>അലയമൺ<br>ഇടമുളയ്ക്കൽ<br>അറയ്ക്കൽ<br>ഏരൂർ<br>ചണ്ണപ്പേട്ട<br>തിങ്കൾക്കരിക്കം<br>കളത്തുപ്പുഴ | പുനലൂർ<br>ഇടമൺ<br>ആര്യങ്കാവ്<br>തെന്മല<br>ആയിരനല്ലൂർ<br>വാളക്കോട്<br>കരവാളൂർ |
| പഞ്ചായത്തുകൾ | അഞ്ചൽ<br>എരൂർ<br>ഇടമുളയ്ക്കൽ<br>കളത്തുപ്പുഴ<br>പുനലൂർ<br>(മുൻസിപ്പാലി<br>കരവാളൂർ<br>ആര്യങ്കാവ്<br>തെന്മല<br>അലയമൺ | അഞ്ചൽ<br>എരൂർ<br>ഇടമുളയ്ക്കൽ<br>കളത്തുപ്പുഴ<br>അലയമൺ | പുനലൂർ<br>(മുൻസിപ്പാലിറ്റി)<br>കരവാളൂർ<br>ആര്യങ്കാവ്<br>തെന്മല |
| പോലീസ് സ്റ്റേഷന് | 6 | 3 | 3 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 25 | 10 | 15 |

നിർദ്ദിഷ്ട പുനലൂർ റേഞ്ചിനായി ശുപാർശ ചെയ്യുന്ന പ്രദേശത്ത് നിന്ന് കണ്ടെത്തിയ ആകെ കേസുകളുടെ എണ്ണം.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 40 | 27 | 45 | 26 | 60 | 20 |

<u>**കുണ്ടറ റേഞ്ച്**</u>

(കൊല്ലം റേഞ്ച് വിഭജനത്തിന് ശേഷം കൊല്ലം, കുണ്ടറ)

| | നിലവിലെറേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | കൊല്ലം | കൊല്ലം | കുണ്ടറ |
| വിസ്തീർണ്ണം | 240.66 sq.Km | 131.12 sq.Km | 109.54 sq.Km |
| ജനസംഖ്യ | 5,42,968 | 3,76,891 | 166.077 |
| വില്ലേജുകൾ | കൊറ്റങ്കര<br>കിളികൊല്ലൂർ<br>മങ്ങാട്<br>തൃക്കടവൂർ<br>തൃക്കരുവ<br>കൊല്ലംഈസ്റ്റ്<br>കൊല്ലംവെസ്റ്റ്<br>മുണ്ടയ്ക്കൽ<br>വടക്കേവിള<br>ഇരവിപുരം<br>ശക്തികുളങ്ങര<br>മണ്ട്രോത്തുരുത്ത്<br>കിഴക്കേകല്ലട<br>ഇളമ്പള്ളൂർ<br>പെരിനാട്<br>പനയം<br>പേരയം<br>മുളവന | കൊറ്റങ്കര<br>കിളികൊല്ലൂർ<br>മങ്ങാട്<br>തൃക്കടവൂർ<br>തൃക്കരുവ<br>കൊല്ലംഈസ്റ്റ്<br>കൊല്ലംവെസ്റ്റ്<br>മുണ്ടയ്ക്കൽ<br>വടക്കേവിള<br>ഇരവിപുരം<br>ശക്തികുളങ്ങര | മണ്ട്രോത്തുരുത്ത്<br>കിഴക്കേകല്ലട<br>ഇളമ്പള്ളൂർ<br>പെരിനാട്<br>പനയം<br>പേരയം<br>മുളവന |
| പഞ്ചായത്തുകൾ | ശക്തികുളങ്ങര<br>കൊറ്റങ്കര<br>തൃക്കോവിൽവട്ടം<br>നെടുമ്പന<br>ആദിച്ചനല്ലൂർ<br>ഇളമ്പള്ളൂർ<br>പേരയം<br>കുണ്ടറ<br>കിഴക്കേകല്ലട<br>മണ്ട്രോത്തുരുത്ത്<br>പെരിനാട്<br>പനയം | ശക്തികുളങ്ങര<br>കൊറ്റങ്കര<br>തൃക്കോവിൽവട്ടം<br>നെടുമ്പന<br>ആദിച്ചനല്ലൂർ | ഇളമ്പള്ളൂർ<br>പേരയം<br>കുണ്ടറ<br>കിഴക്കേകല്ലട<br>മണ്ട്രോത്തുരുത്ത്<br>പെരിനാട്<br>പനയം |
| പോലീസ് സ്റ്റേഷന് | 8 | 5 | 3 |
| ലൈസൻസ് | | | |

| സ്ഥാപനങ്ങളുടെ എണ്ണം | 48 | 30 | 18 |
|---|---|---|---|

നിർദ്ദിഷ്ട കുണ്ടറ റേഞ്ചിനായി ശുപാർശ ചെയ്യുന്ന പ്രദേശത്ത് നിന്നും കണ്ടെത്തിയ അബ്കാരി/ എൻ.ഡി.പി.എസ്സ് കേസുകളുടെ എണ്ണം ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 57 | 7 | 57 | 8 | 54 | 4 |

<u>പത്തനംതിട്ട ജില്ല</u>

<u>പമ്പ റേഞ്ച്</u>

(ചിറ്റാർ റേഞ്ച് വിഭജനത്തിന് ശേഷം ചിറ്റാർ, പമ്പ)

| | നിലവിലെ റേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | ചിറ്റാർ റേഞ്ച് | ചിറ്റാർ | പമ്പ |
| വിസ്തീർണ്ണം | 841.46 sq.Km | 666.72 sq.Km | 174.74 sq.Km |
| ജനസംഖ്യ | 105782 | 51339 | 54443 |
| വില്ലേജുകൾ | ചിറ്റാർ, സീതത്തോട്, പെരുനാട് അത്തിക്കയം, വടശ്ശേരിക്കര | ചിറ്റാർ, സീതത്തോട്, വടശ്ശേരിക്കര | കൊല്ലമുള (റാന്നി എക്സൈസ് റേഞ്ച്) പെരുനാട്, അത്തിക്കയം |
| പഞ്ചായത്തുകൾ | ചിറ്റാർ സീതത്തോട് നാറാണംമൂഴി പെരുനാട് നാറാണംമൂഴി വടശ്ശേരിക്കര | ചിറ്റാർ സീതത്തോട് നാറാണംമൂഴി വടശ്ശേരിക്കര | പെരുനാട് നാറാണംമൂഴി വെച്ചൂചിറ (റാന്നി എക്സൈസ് റേഞ്ച്) |
| പോലീസ് സ്റ്റേഷന് | 4 | 2 | 2 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 2 | 2 | 0 |

നിലവിൽ കൊല്ലമുള വില്ലേജ് റാന്നി എക്സൈസ് റേഞ്ചിലാണ്. ടി വില്ലേജിനെ പുതിയ പമ്പ

റേഞ്ചിലേയ്ക്ക് ഉൾപ്പെടുത്തുകയും, റാന്നി എക്സൈസ് റേഞ്ചിൽ നിന്നും കുറവ് ചെയ്യേണ്ടതുമാണ്.

നിർദ്ദിഷ്ട പമ്പ റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 70 | 1 | 75 | 2 | 86 | |

**ആലപ്പുഴ ജില്ല**

**അമ്പലപ്പുഴ റേഞ്ച്**

(ആലപ്പുഴ റേഞ്ച് വിഭജനത്തിന് ശേഷം ആലപ്പുഴ, അമ്പലപ്പുഴ)

| | നിലവിലെ റേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | ആലപ്പുഴ | ആലപ്പുഴ | അമ്പലപ്പുഴ |
| വിസ്തീർണ്ണം | 189.07 sq.Km | 120.67 sq.Km | 68.44sq.Km |
| ജനസംഖ്യ | 4,50,00,0 | 3,25,000 | 1,25,000 |
| വില്ലേജുകൾ | ആര്യാട്തെക്ക്<br>മണ്ണഞ്ചേരി,<br>ആലപ്പുഴ പടിഞ്ഞാറ്<br>പറവൂർ<br>പുന്നപ്ര<br>അമ്പലപ്പുഴ വടക്ക്<br>അമ്പലപ്പുഴ<br>പുറക്കാട്<br>കരിമാടി<br>കവലൂര്<br>കോമളപുരം<br>പാതിരാപ്പള്ളി<br>മുല്ലക്കൽ<br>പഴവീട് | ആര്യാട്തെക്ക്<br>മണ്ണഞ്ചേരി,<br>ആലപ്പുഴ പടിഞ്ഞാറ്<br>കവലൂര്<br>കോമളപുരം<br>പാതിരാപ്പള്ളി<br>മുല്ലക്കൽ<br>പഴവീട് | പറവൂർ<br>പുന്നപ്ര<br>അമ്പലപ്പുഴ വടക്ക്<br>അമ്പലപ്പുഴ<br>പുറക്കാട്<br>കരിമാടി |
| | മാരാരിക്കുളം തെക്ക്<br>ആര്യാട്<br>മണ്ണഞ്ചേരി,<br>ആലപ്പുഴ<br>മുൻസിപ്പാലിറ്റി | മാരാരിക്കുളം തെക്ക്<br>ആര്യാട് | പുന്നപ്ര വടക്ക്<br>പുന്നപ്ര തെക്ക് |

| പഞ്ചായത്തുകൾ | പുന്നപ്ര വടക്ക്<br>പുന്നപ്ര തെക്ക്<br>അമ്പലപ്പുഴ വടക്ക്<br>അമ്പലപ്പുഴ തെക്ക്<br>പുറക്കാട് | മണ്ണഞ്ചേരി,<br>ആലപ്പുഴ<br>മുൻസിപ്പാലിറ്റി | അമ്പലപ്പുഴ വടക്ക്<br>അമ്പലപ്പുഴ തെക്ക്<br>പുറക്കാട് |
|---|---|---|---|
| പോലീസ് സ്റ്റേഷന് | 10 | 6 | 4 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 110 | 76 | 34 |

നിർദ്ദിഷ്ട അമ്പലപ്പുഴ റേഞ്ചിന്റെ പരിധിയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2018-20 | |
|---|---|
| അബ്കാരി | എൻ.ഡി.പി.എസ് |
| 276 | 18 |

## കോട്ടയം ജില്ല

**നെടുകന്നം റേഞ്ച്**

(ചങ്ങനാശ്ശേരി റേഞ്ച് വിഭജനത്തിന് ശേഷം ചങ്ങനാശ്ശേരി, നെടുംകന്നം)

| | നിലവിലെറേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | ചങ്ങനാശ്ശേരി | ചങ്ങനാശ്ശേരി | നെടുകന്നം |
| വിസ്തീർണ്ണം | 261.91 sq.Km | 109.65 sq.Km | 152.26 sq.Km |
| ജനസംഖ്യ | 3,55,736 | 2,14,387 | 1,41.,349 |
| വില്ലേജുകൾ | ചങ്ങനാശ്ശരി,<br>വാഴപ്പള്ളികിഴക്ക്,<br>വാഴപ്പള്ളി പടിഞ്ഞാറ്,<br>ചെത്തിപ്പുഴ,<br>തുക്കൊടിത്താനം,<br>പായിപ്പാട്,<br>കുറിച്ചി,<br>മാടപ്പള്ളി,<br>വാകത്താനം,<br>തോട്ടയ്ക്കാട്,<br>കറുകച്ചാൽ,<br>നെടുംകുന്നം, | ചങ്ങനാശ്ശേരി,<br>വാഴപ്പള്ളികിഴക്ക്,<br>വാഴപ്പള്ളിപടിഞ്ഞാറ്,<br>ചെത്തിപ്പുഴ,<br>തുക്കൊടിത്താനം,<br>പായിപ്പാട്,<br>കുറിച്ചി,<br>മാടപ്പള്ളി | വാകത്താനം,<br>തോട്ടയ്ക്കാട്,<br>കറുകച്ചാൽ,<br>നെടുംകുന്നം, കങ്ങഴ,<br>വാഴൂർ, വെള്ളാവൂർ |

| | | | |
|---|---|---|---|
| | കങ്ങഴ,<br>വാഴൂർ,<br>വെള്ളാവൂർ | | |
| പഞ്ചായത്തുകൾ | വാഴപ്പള്ളി,<br>തൃക്കൊടിത്താനം,<br>പായിപ്പാട്,<br>മാടപ്പള്ളി,<br>കുറിച്ചി,<br>വെള്ളാവൂർ,<br>വാഴൂർ,<br>വാകത്താനം,<br>നെടുംകുന്നം,<br>കങ്ങഴ,<br>കറുകച്ചാൽ | വാഴപ്പള്ളി,<br>തൃക്കൊടിത്താനം,<br>പായിപ്പാട്,<br>മാടപ്പള്ളി,<br>കുറിച്ചി | വെള്ളാവൂർ, വാഴൂർ,<br>വാകത്താനം,<br>നെടുംകുന്നം,<br>കങ്ങഴ,<br>കറുകച്ചാൽ |
| പോലീസ് സ്റ്റേഷന് | 7 | 3 | 4 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 90 | 49 | 41 |

നെടുകുന്നം റേഞ്ചിന്റെ പരിധിയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 91 | 69 | 121 | 61 | 160 | 29 |

<u>എറണാകുളം ജില്ല</u>

<u>കാക്കനാട് റേഞ്ച്</u>

(എറണാകുളം റേഞ്ച് വിഭജനത്തിന് ശേഷം എറണാകുളം, കാക്കനാട്)

| | നിലവിലെറേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | എറണാകുളം | എറണാകുളം | കാക്കനാട് |
| വിസ്തീർണ്ണം | 161.35 Sq.Km | 102.61Sq.Km | 58.74Sq.Km |
| ജനസംഖ്യ | 8,57,964 | 5,79,,147 | 2,78,817 |
| | എറണാകുളം, | | |

| | | | |
|---|---|---|---|
| വില്ലേജുകൾ | എളംകുളം,<br>പൂണിത്തുറ,<br>ഇടപ്പള്ളി നോർത്ത്<br>ഇടപ്പള്ളി സൗത്ത്,<br>കാക്കനാട്,<br>വാഴക്കാല,<br>തൃക്കാക്കര നോർത്ത്<br>ചേരാനല്ലൂർ<br>മുളവുകാട്,<br>കടമക്കുടി | എറണാകുളം,<br>എളംകുളം,<br>പൂണിത്തുറ,<br>ഇടപ്പള്ളി നോർത്ത്<br>ചേരാനല്ലൂർ<br>മുളവുകാട്,<br>കടമക്കുടി | തൃക്കാക്കര നോർത്ത്<br>കാക്കനാട്,<br>വാഴക്കാല,<br>ഇടപ്പള്ളി സൗത്ത്<br>തിരുവാങ്കുളം<br>(തൃപ്പൂണിത്തുറ റേഞ്ച്) |
| പഞ്ചായത്തുകൾ | കടമക്കുടി<br>ചേരാനല്ലൂർ<br>മുളവുകാട്<br>തൃക്കാക്കര<br>മുൻസിപ്പാലിറ്റി<br>കളമശ്ശേരി<br>മുൻസിപ്പാലിറ്റി<br>കൊച്ചി<br>കോർപ്പറേഷൻ<br>ഭാഗം<br>(44ഡിവിഷൻ) | കടമക്കുടി<br>ചേരാനല്ലൂർ<br>മുളവുകാട്<br>കളമശ്ശേരി<br>മുൻസിപ്പാലിറ്റി<br>കൊച്ചി<br>കോർപ്പറേഷൻ<br>(44ഡിവിഷൻ) | കളമശ്ശേരി<br>മുൻസിപ്പാലിറ്റിയുടെ<br>ഭാഗം<br>തൃക്കാക്കര<br>മുൻസിപ്പാലിറ്റി<br>തൃപ്പൂണിത്തറ<br>മുൻസിപ്പാലിറ്റിഭാഗം |
| പോലീസ് സ്റ്റേഷന് | 13 | 9 | 4 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 302 | 205 | 97 |

തൃപ്പൂണിത്തുറ റേഞ്ചിൽ നിന്നും തിരുവാങ്കുളം വില്ലേജ് പുതിയ കാക്കനാട് റേഞ്ചിലേയ്ക്ക് ചേർക്കുന്നതിനാൽ തൃപ്പൂണിത്തുറ റേഞ്ചിൽ നിന്നും തിരുവാങ്കുളം വില്ലേജ് കുറവ് ചെയ്യേണ്ടതാണ്.

കാക്കനാട് റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018-2020 | |
|---|---|
| അബ്കാരി | എൻ.ഡി.പി.എസ് |
| 122 | 45 |

**<u>ഇടുക്കി ജില്ല</u>**

**<u>രാജാക്കാട് റേഞ്ച്, വണ്ടൻമേട് റേഞ്ച്,</u>**

(ഉടുമ്പൻചോല റേഞ്ച് വിഭജനത്തിന് ശേഷം ഉടുമ്പൻചോല, രാജാക്കാട്, വണ്ടൻമേട്)

| | നിലവിലെറേഞ്ച് | വിഭജനത്തിന് ശേഷം | | |
|---|---|---|---|---|
| | ഉടുമ്പൻചോല | ഉടുമ്പൻചോല | രാജാക്കാട് | വണ്ടൻമേട് |
| വിസ്തീർണ്ണം | 710.59 Sq.Km | 256.59 sq.Km | 284 Sq.Km | 170Sq.Km |
| ജനസംഖ്യ | 2,83,369 | 110097 | 83,311 | 89961 |
| വില്ലേജുകൾ | ഇരട്ടയാർ<br>ചതുരംഗപ്പാറ<br>കൽക്കുന്തൽ<br>പാമ്പാട്ടുംപാറ<br>പാറത്തോട്<br>ഉടുമ്പൻചോല<br>രാജാക്കാട്,<br>രാജകുമാരി,<br>ചിന്നക്കനാൽ,<br>ബൈസൺവാലി<br>കാന്തിപ്പാറ,<br>പൂപ്പാറ,<br>ശാന്തൻപാറ<br>വണ്ടൻമേട്,<br>ചക്കുപള്ളം,<br>അണക്കര,<br>ആനവിലാസം,<br>കരുണാപുരം | ഇരട്ടയാർ<br>ചതുരംഗപ്പാറ<br>കൽക്കുന്തൽ<br>പാമ്പാട്ടുംപാറ<br>പാറത്തോട്<br>ഉടുമ്പൻചോല | രാജാക്കാട്,<br>രാജകുമാരി,<br>ചിന്നക്കനാൽ<br>ബൈസൺവാലി<br>കാന്തിപ്പാറ,<br>പൂപ്പാറ,<br>ശാന്തൻപാറ | വണ്ടൻമേട്,<br>ചക്കുപള്ളം,<br>അണക്കര,<br>ആനവിലാസം,<br>കരുണാപുരം |
| പഞ്ചായത്തുകൾ | ഉടുമ്പൻചോല<br>നെടുങ്കണ്ടം<br>പാമ്പാട്ടുംപാറ<br>ഇരട്ടയാർ<br>രാജാക്കാട്,<br>രാജകുമാരി,<br>ചിന്നക്കനാൽ,<br>ബൈസൻവാലി<br>സേനാപതി<br>ശാന്തൻപാറ<br>വണ്ടൻമേട്<br>ചക്കുപള്ളം | ഉടുമ്പൻചോല<br>നെടുങ്കണ്ടം<br>പാമ്പാട്ടുംപാറ<br>ഇരട്ടയാർ | രാജാക്കാട്,<br>രാജകുമാരി,<br>ചിന്നക്കനാൽ,<br>ബൈസൻവാലി<br>സേനാപതി<br>ശാന്തൻപാറ | വണ്ടൻമേട്<br>ചക്കുപള്ളം<br>കരുണാപുരം |

| | | | | |
|---|---|---|---|---|
| | കരുണാപുരം | | | |
| പോലീസ് സ്റ്റേഷന് | 6 | 2 | 2 | 2 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 52 | 24 | 16 | 12 |

ഉടുമ്പൻചോല, രാജാക്കാട്, വണ്ടൻമേട് എന്നീ റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 53 | 109 | 90 | 86 | 111 | 34 |

**<u>പാലക്കാട്</u>**

**<u>കൊഴിഞ്ഞാമ്പാറ റേഞ്ച്</u>**

(ചിറ്റൂർ റേഞ്ച് വിഭജനത്തിന് ശേഷം ചിറ്റൂർ, കൊഴിഞ്ഞാമ്പാറ)

| | നിലവിലെ റേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | ചിറ്റൂർ | ചിറ്റൂർ | കൊഴിഞ്ഞാമ്പാറ |
| വിസ്തീർണ്ണം | 282.94Sq.Km | 152.66 Sq.Km | 130.28 Sq.Km |
| ജനസംഖ്യ | 1,93,730 | 1,,04,533 | 89,197 |
| വില്ലേജുകൾ | നല്ലേപ്പിള്ളി<br>തത്തമംഗലം<br>മൂലത്തറ<br>ചിറ്റൂർ<br>പെരുമാട്ടി<br>തെക്കേദേശം<br>പട്ടഞ്ചേരി<br>വണ്ടിത്താവളം<br>കൊഴിഞ്ഞാമ്പാറ<br>ഒഴലപ്പതി<br>വലിയവള്ളംപതി | നല്ലേപ്പിള്ളി<br>തത്തമംഗലം<br>മൂലത്തറ<br>ചിറ്റൂർ<br>പെരുമാട്ടി<br>തെക്കേദേശം<br>പട്ടഞ്ചേരി<br>വണ്ടിത്താവളം | എരുത്തേമ്പതി<br>വടകരപ്പതി<br>കൊഴിഞ്ഞാമ്പാറ<br>ഒഴലപ്പതി<br>വലിയവള്ളംപതി<br>കോഴിപ്പതി |

| | | | |
|---|---|---|---|
| | കോഴിപ്പതി<br>വടകരപ്പതി<br>എരുത്തേമ്പതി | | |
| പഞ്ചായത്തുകൾ | എരുത്തേമ്പതി<br>വടകരപ്പതി<br>കൊഴിഞ്ഞാമ്പാറ<br>നല്ലേപ്പിള്ളി<br>പെരുമാട്ടി<br>പട്ടഞ്ചേരി<br>ചിറ്റൂർ<br>തത്തമംഗലം<br>മുൻസിപ്പാലിറ്റി | എരുത്തേമ്പതി<br>വടകരപ്പതി<br>കൊഴിഞ്ഞാമ്പാറ<br>നല്ലേപ്പിള്ളി<br>പെരുമാട്ടി<br>പട്ടഞ്ചേരി<br>ചിറ്റൂർ<br>തത്തമംഗലം<br>മുൻസിപ്പാലിറ്റി | എരുത്തേമ്പതി<br>വടകരപ്പതി<br>കൊഴിഞ്ഞാമ്പാറ |
| പോലീസ് സ്റ്റേഷന് | 4 | 3 | 1 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 105 | 52 | 53 |

കൊഴിഞ്ഞാമ്പാറ എക്സൈസ് റേഞ്ചിന്റെ പരിധിയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 55 | 34 | 74 | 21 | 66 | 8 |

**<u>തൃശ്ശൂർ ജില്ല</u>**

**പീച്ചി റേഞ്ച്**

(തൃശ്ശൂർ റേഞ്ച് വിഭജനത്തിന് ശേഷം തൃശ്ശൂർ, പീച്ചി)

| | നിലവിലെറേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | തൃശ്ശൂർ | തൃശ്ശൂർ | പീച്ചി |
| വിസ്തീർണ്ണം | 412.58 Sq.Km | 101.42 Sq.Km | 311.16 Sq.Km |
| ജനസംഖ്യ | 4,65,573 | 3,38,974 | 1,26,599 |
| | ഒല്ലൂക്കര<br>നെട്ടിശ്ശേരി<br>മാടക്കത്തറ | | |

| | | | |
|---|---|---|---|
| വില്ലേജുകൾ | വെള്ളാനിക്കര<br>ചെമ്പുക്കാവ്<br>പെരിങ്ങാവ്<br>തൃശ്ശൂർ<br>പൂങ്കുന്നം<br>അയ്യന്തോൽ<br>അരണാട്ടുകര<br>പുല്ലഴി<br>കൂർക്കഞ്ചേരി<br>കണിമംഗലം<br>ചിയ്യാരം<br>പാണഞ്ചേരി<br>പീച്ചി<br>മന്ദാമംഗലം<br>കൈനൂർ<br>മുളയം<br>കൊഴുക്കുള്ളി<br>നടത്തറ<br>പുത്തൂർ<br>മരത്താക്കര | ഒല്ലൂക്കര<br>നെട്ടിശ്ശേരി<br>മാടക്കത്തറ<br>വെള്ളാനിക്കര<br>ചെമ്പുക്കാവ്<br>പെരിങ്ങാവ്<br>തൃശ്ശൂര്<br>പൂങ്കുന്നം<br>അയ്യന്തോൽ<br>അരണാട്ടുകര<br>പുല്ലഴി<br>കൂർക്കഞ്ചേരി<br>കണിമംഗലം<br>ചിയ്യാരം | പാണഞ്ചേരി<br>പീച്ചി<br>മന്ദാമംഗലം<br>കൈനൂർ<br>മുളയം<br>കൊഴുക്കുള്ളി<br>നടത്തറ<br>പുത്തൂര്<br>മരത്താക്കര |
| പഞ്ചായത്തുകൾ | പുത്തൂർ<br>പാണൻഞ്ചേരി<br>നടത്തറ<br>മടക്കത്തറ<br>തൃശ്ശൂർ<br>(കോർപ്പറേഷൻ) | മടക്കത്തറ<br>തൃശ്ശൂർ<br>(കോർപ്പറേഷൻ) | പുത്തൂർ<br>പാണൻഞ്ചേരി<br>നടത്തറ |
| പോലീസ് സ്റ്റേഷന് | 7 | 4 | 3 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 150 | 130 | 20 |

നിർദ്ദിഷ്ട പീച്ചി എക്സൈസ് റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 12 | 23 | 33 | 12 | 66 | 14 |

**മലപ്പുറം ജില്ല**

**കൊണ്ടോട്ടി റേഞ്ച്**

(മലപ്പുറം വിഭജനത്തിന് ശേഷം കൊണ്ടോട്ടി റേഞ്ച്, മലപ്പുറം)

| | നിലവിലെറേഞ്ച് | | വിഭജനത്തിന് ശേഷം | | |
|---|---|---|---|---|---|
| | മലപ്പുറം | മഞ്ചേരി | മലപ്പുറം | മഞ്ചേരി | കൊണ്ടോട്ടി |
| വിസ്തീർണ്ണം | 456.18 Sq.Km | 410.83 Sq.Km | 217.45Sq.Km | 329.86 | 295.74Sq.Km |
| ജനസംഖ്യ | 5,90,148 | 4,58,003 | 20,7391 | 3,69,923 | 4,37,880 |
| വില്ലേജുകൾ | പൂക്കോട്ടൂർ , മലപ്പുറം, മേൽമുറി, ആനക്കയം, പന്തല്ലൂർ, പാണക്കാട് വാഴക്കാട്, വാഴയൂർ, ചെറുകാവ്, പുളിക്കൽ, കൊണ്ടോട്ടി, മുതുവല്ലൂർ, നെടിയിരുപ്പ് മറയൂർ കഴിമണ്ണ, | വെട്ടിക്കാട്ടിരി, ചെമ്പ്രശ്ശേരി, പാണ്ടിക്കാട്, എളങ്കൂര് വെറ്റിലപ്പാറ പയ്യനാട് അരീക്കോട് ഊർങ്ങാട്ടിരി കീഴുപറമ്പ് കാവനൂര് കാരക്കുന്ന് പെരകമണ്ണ എടവണ്ണ തൃക്കലങ്ങോട് പുൽപ്പറ്റ നറുകര മഞ്ചേരി ചീക്കോട് | പൂക്കോട്ടൂർ മലപ്പുറം, മേൽമുറി, ആനക്കയം, പന്തല്ലൂർ, പാണക്കാട് വെട്ടിക്കാട്ടിരി, ചെമ്പ്രശ്ശേരി, പാണ്ടിക്കാട്, | എളങ്കൂർ വെറ്റിലപ്പാറ പയ്യനാട് അരീക്കോട് ഊർങ്ങാട്ടിരി കീഴുപറമ്പ് കാവനൂർ കാരക്കുന്ന് പെരകമണ്ണ എടവണ്ണ തൃക്കലങ്ങോട് പുൽപ്പറ്റ നറുകര മഞ്ചേരി | വാഴക്കാട്, വാഴയൂർ, ചെറുകാവ്, പുളിക്കൽ, കൊണ്ടോട്ടി, മുതുവല്ലൂർ, നെടിയിരുപ്പ്, മൊറയൂർ, കുഴിമണ്ണ, ചീക്കോട് (മഞ്ചേരി റേഞ്ച്) പള്ളിക്കൽ (പരപ്പനങ്ങാടി റേഞ്ച്) ചേലേമ്പ്ര (പരപ്പനങ്ങാടി റേഞ്ച്) |
| പഞ്ചായത്തുകൾ | ആനക്കയം, പൂക്കോട്ടൂർ, മലപ്പുറം മുൻസിപ്പാലിറ്റി പാണ്ടിക്കാട്, കൊണ്ടോട്ടി മുൻസിപ്പാലിറ്റി മുതുവല്ലൂർ, | അരിക്കോട് എടവണ്ണ തവനൂർ കിഴുപറമ്പ് പുൽപ്പറ്റ തൃക്കലംകോട് ഊർങ്ങാട്ടിരി | ആനക്കയം, പൂക്കോട്ടൂർ, മലപ്പുറം, | അരിക്കോട് എടവണ്ണ തവനൂർ കിഴുപറമ്പ് പുൽപ്പറ്റ തൃക്കലംകോട് | കൊണ്ടോട്ടി മുൻസിപ്പാലിറ്റി മുതുവല്ലൂർ, വാഴക്കാട്, വാഴയൂർ, ചെറുകാവ്, പുളിക്കൽ |

| | | | | | |
|---|---|---|---|---|---|
| | വാഴക്കാട്, വാഴയൂർ, ചെറുകാവ്, പുളിക്കൽ മൊറയൂർ, കുഴിമണ്ണ | പീക്കോട് പാണ്ടിക്കാട് മഞ്ചേരി മുൻസിപ്പാലിറ്റി | മുൻസിപ്പാലിറ്റി | ഊർങ്ങാട്ടിരി പാണ്ടിക്കാട് മഞ്ചേരി മുൻസിപ്പാലിറ്റി | മൊറയൂർ, കുഴിമണ്ണ പള്ളിക്കൽ ചേലമ്പ്ര പീക്കോട് |
| പോലീസ് സ്റ്റേഷന് | 5 | 6 | 5 | 6 | 3 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 17 | 28 | 13 | 23 | 9 |

മലപ്പുറം റേഞ്ചിൽ നിന്നും വാഴക്കാട്, വാഴയൂർ, ചെറുകാവ്, പുളിക്കൽ, കൊണ്ടോട്ടി, മുതുവല്ലൂർ, നെടിയിരുപ്പ്, മൊറയൂർ, കുഴിമണ്ണ,എന്നീ വില്ലേജുകളും മഞ്ചേരി റേഞ്ചിൽ നിന്നും ചീക്കോട് വില്ലേജും, പരപ്പനങ്ങാടി റേഞ്ചിൽ നിന്നും പള്ളിക്കൽ, ചേലമ്പ്ര എന്നീ വില്ലേജുകളും പുതിയ കൊണ്ടോട്ടി റേഞ്ചിൽ ഉൾപ്പെടുന്നതാണ്. മലപ്പുറം റേഞ്ചിലെ പൂക്കോട്ടൂർ, മലപ്പുറം, മേൽമുറി, ആനക്കയം, പന്തല്ലൂർ, പാണക്കാട് എന്നീ വില്ലേജുകളും മഞ്ചേരി റേഞ്ചിലെ വെട്ടിക്കാട്ടിരി, ചെമ്പ്രശ്ശേരി, പാണ്ടിക്കാട് എന്നീ വില്ലേജുകൾ ചേർത്ത് മലപ്പുറം റേഞ്ചിന്റെ അധികാര പരിധി പുന:ക്രമീകരിക്കേണ്ടതും, വെട്ടിക്കാട്ടിരി, ചെമ്പ്രശ്ശേരി, പാണ്ടിക്കാട് എന്നീ വില്ലേജുകൾ മഞ്ചേരി റേഞ്ചിൽ നിന്നും കുറവ് ചെയ്യുകയും പരപ്പനങ്ങാടി റേഞ്ചിൽ നിന്നും പള്ളിക്കൽ, ചേലമ്പ്ര എന്നീ വില്ലേജുകളും കുറവ് ചെയ്ത് മഞ്ചേരി, മലപ്പുറം, പരപ്പനങ്ങാടി എന്നീ റേഞ്ചുകളുടെ അധികാര പരിധി പുന:ക്രമീകരിക്കേണ്ടതുമാണ്.

കൊണ്ടോട്ടി എക്സൈസ് റേഞ്ചിന്റെ പരിധിയിൽ നിന്നും കണ്ടെത്തിയ അബ്കാരി / എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 38 | 34 | 40 | 25 | 80 | 11 |

## <u>കോഴിക്കോട് ജില്ല</u>

### <u>കാവിലുംപാറ റേഞ്ച്</u>

(നാദാപുരം വിഭജനത്തിന് ശേഷം നാദാപുരം, കാവിലുംപാറ റേഞ്ച്)

| | നിലവിലെ റേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | നാദാപുരം | നാദാപുരം | കാവിലുംപാറ |

| | | | |
|---|---|---|---|
| വിസ്തീർണ്ണം | 662.71 Sq.Km | 389.62 Sq.Km | 273.09Sq.Km |
| ജനസംഖ്യ | 4,92,290 | 3,35,071 | 1,57,219 |
| വില്ലേജുകൾ | ചെക്യാട്<br>കുന്നുമ്മൽ<br>നാദാപുരം<br>പുറമേരി<br>തൂണേരി<br>വേളം<br>എടച്ചേരി<br>കാവിലുംപാറ,<br>മരുതോങ്കര<br>കായക്കൊടി<br>കുറ്റ്യാടി<br>നരിപ്പറ്റ,<br>തിനൂർ<br>വളയം<br>വാണിമേൽ,<br>വിലങ്ങാട് | ചെക്യാട്<br>കുന്നുമ്മൽ<br>നാദാപുരം<br>പുറമേരി<br>തൂണേരി<br>വേളം<br>എടച്ചേരി | കാവിലുംപാറ,<br>മരുതോങ്കര<br>കായക്കൊടി<br>കുറ്റ്യാടി<br>മരുതോങ്കര<br>നരിപ്പറ്റ,<br>തിനൂർ<br>വളയം<br>വാണിമേൽ,<br>വിലങ്ങാട് |
| പഞ്ചായത്തുകൾ | ചെക്യാട്<br>കുന്നുമ്മൽ<br>നാദാപുരം<br>പുറമേരി<br>തൂണേരി<br>വേളം<br>എടച്ചേരി<br>കാവിലുംപാറ,<br>കായക്കൊടി<br>കുറ്റ്യാടി<br>മരുതോങ്കര<br>നരിപ്പറ്റ,<br>വളയം<br>വാണിമേൽ, | ചെക്യാട്<br>കുന്നുമ്മൽ<br>നാദാപുരം<br>പുറമേരി<br>തൂണേരി<br>വേളം<br>എടച്ചേരി | കാവിലുംപാറ,<br>കായക്കൊടി<br>കുറ്റ്യാടി<br>മരുതോങ്കര<br>നരിപ്പറ്റ,<br>വളയം<br>വാണിമേൽ, |
| പോലീസ് സ്റ്റേഷന് | 7 | 5 | 2 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 41 | 29 | 12 |

നിർദ്ദിഷ്ട കാവിലുംപാറ എക്സൈസ് റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 30 | 2 | 44 | 1 | 55 | 1 |

**<u>വയനാട്</u>**

**<u>പുൽപ്പള്ളി റേഞ്ച്</u>**

(സുൽത്താൻബത്തേരി വിഭജനത്തിന് ശേഷം സുൽത്താൻബത്തേരി, പുൽപ്പള്ളിറേഞ്ച്)

| | നിലവിലെ റേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | സുൽത്താൻ ബത്തേരി | സുൽത്താൻ ബത്തേരി | പുൽപ്പള്ളി |
| വിസ്തീർണ്ണം | 785.12 Sq.Km | 485.12 Sq.Km | 300 Sq.Km |
| ജനസംഖ്യ | 2,97,200 | 1,,65,200 | 1,32,000 |
| വില്ലേജുകൾ | അമ്പലവയൽ<br>തോമാട്ട്കാൽ<br>നെന്മേനി<br>നൂൽപ്പുഴ<br>സുൽത്താൻ ബത്തേരി<br>കൃഷ്ണഗിരി<br>പിരാൽ<br>പുറക്കാടി<br>പാടിച്ചിറ,<br>പുൽപ്പള്ളി,<br>ഇരുളം,<br>പൂതാടി,<br>നടവയൽ,<br>കിടങ്ങനാട്<br>ക്ലപ്പാടി | അമ്പലവയൽ<br>പിരാൽ<br>കൃഷ്ണഗിരി<br>ക്ലപ്പാടി<br>നെന്മേനി<br>നൂൽപ്പുഴ<br>പുറക്കാടി<br>സുൽത്താൻ ബത്തേരി<br>തോമാട്ട്കാൽ | പാടിച്ചിറ,<br>പുൽപ്പള്ളി,<br>ഇരുളം,<br>പൂതാടി,<br>നടവയൽ,<br>കിടങ്ങനാട് |
| പഞ്ചായത്ത് | നെന്മേനി<br>നൂൽപ്പുഴ<br>സുൽത്താൻ ബത്തേരി<br>പുൽപ്പള്ളി, | അമ്പലവയൽ<br>സുൽത്താൻ ബത്തേരി<br>നെന്മേനി | പുൽപ്പള്ളി,<br>നൂൽപ്പുഴ<br>സുൽത്താൻ ബത്തേരി |

| | മീനങ്ങാടി<br>മുള്ളൻകൊല്ലി<br>പൂതാടി<br>അമ്പലവയൽ | നൂൽപ്പുഴ<br>മീനങ്ങാടി | മുള്ളംകൊല്ലി<br>പൂതാടി |
|---|---|---|---|
| പോലീസ് സ്റ്റേഷന് | 6 | 4 | 2 |
| ലൈസൻസ് സ്ഥാപനങ്ങളു ടെ എണ്ണം | 41 | 25 | 16 |

നിർദ്ദിഷ്ട പുൽപ്പള്ളി എക്സൈസ് റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| | 2018 | | 2019 | | 2020 | |
|---|---|---|---|---|---|---|
| | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| സുൽത്താൻ ബത്തേരി | 157 | 188 | 320 | 152 | 333 | 149 |
| പുൽപ്പള്ളി | 44 | 98 | 75 | 75 | 110 | 110 |

## കണ്ണൂർ ജില്ല

**ചെറുപുഴ റേഞ്ച്**

(പയ്യന്നൂർ റേഞ്ച് വിഭജനത്തിന് ശേഷം പയ്യന്നൂർ റേഞ്ച്, ചെറുപുഴ റേഞ്ച്)

| | നിലവിലെറേഞ്ച് | വിഭജനത്തിന് ശേഷം | |
|---|---|---|---|
| | പയ്യന്നൂർ | പയ്യന്നൂർ | ചെറുപുഴ |
| വിസ്തീർണ്ണം | 390.48Sq.Km | 163.32 Sq.Km | 227.16Sq.Km |
| ജനസംഖ്യ | 195640 | 107703 | 87937 |
| വില്ലേജുകൾ | ആലപ്പടമ്പ്,<br>എരമം,<br>കാങ്കോൽ,<br>കരിവെള്ളൂർ,<br>കോറോം,<br>കുറ്റൂര്,<br>പയ്യന്നൂർ<br>പെരളം,<br>പെരിങ്ങോം | ആലപ്പടമ്പ്,<br>എരമം,<br>കാങ്കോൽ,<br>കരിവെള്ളൂർ,<br>കോറോം, | തിരുമേനി,<br>പുളിങ്ങോം,<br>കുറ്റൂർ<br>വെള്ളോറ, |

| | | | |
|---|---|---|---|
| | പെരിന്തട്ട,<br>പുളിങ്ങോം,<br>രാമന്തളി,<br>വയക്കര,<br>തിരുമേനി,<br>വെള്ളോറ,<br>വെള്ളൂർ | പയ്യന്നൂർ<br>പെരളം,<br>രാമന്തളി,<br>വെള്ളൂർ | പെരിന്തട്ട,<br>വയക്കര,<br>പെരിങ്ങോം |
| പഞ്ചായത്തുകൾ | രാമന്തളി,<br>കരിവെള്ളൂർ,<br>പെരളം,<br>കാങ്കോൽ,<br>ആലപ്പടമ്പ്,<br>പെരിങ്ങോം<br>വയക്കര,<br>എരമം,<br>കുറ്റൂർ,<br>ചെറുപ്പപയ്യന്നൂർ<br>മുൻസിപ്പാലിറ്റി | ചെറുപുഴ<br>എരമം,<br>കുറ്റൂർ<br>പെരിങ്ങോം<br>വയക്കര, | രാമന്തളി,<br>കരിവെള്ളൂർ<br>കാങ്കോൽ,<br>ആലപ്പടമ്പ്,<br>എരമം,<br>കുറ്റൂർ,<br>പയ്യന്നൂർ<br>മുൻസിപ്പാലിറ്റി |
| പോലീസ് സ്റ്റേഷന് | 3 | 1 | 2 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 38 | 25 | 13 |

നിർദ്ദിഷ്ട ചെറുപുഴ എക്സൈസ് റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| | 2018 | | 2019 | | 2020 | |
|---|---|---|---|---|---|---|
| | അബ്കാരി | എൻ.ഡി. പി.എസ് | അബ്കാരി | എൻ.ഡി. പി.എസ് | അബ്കാരി | എൻ.ഡി. പി.എസ് |
| പയ്യന്നൂർ | 107 | 64 | 129 | 22 | 130 | 11 |
| ചെറുപുഴ | 44 | 9 | 25 | 2 | 41 | 1 |

## കാസർഗോഡ് ജില്ല

**വെള്ളരിക്കുണ്ട് റേഞ്ച്**

(ഹോസ്ദുർഗ്ഗ്, നിലേശ്വരം എന്നീ റേഞ്ചുകൾ വിഭജനത്തിന് ശേഷം ഹോസ്ദുർഗ്ഗ്, നിലേശ്വരം, വെള്ളരിക്കുണ്ട് റേഞ്ചുകൾ)

| | നിലവിലെ റേഞ്ച് | | വിഭജനത്തിന് ശേഷം | | |
|---|---|---|---|---|---|
| | ഹോസ്ദുർഗ്ഗ് | നിലേശ്വരം | ഹോസ്ദുർഗ്ഗ് | നിലേശ്വരം | വെള്ളരിക്കുണ്ട് റേഞ്ച് |
| വിസ്തീർണ്ണം | 481 Sq.Km | 559.35 Sq.Km | 202.16 Sq.Km | 291.47 Sq.Km | 546.72 Sq. Km |
| ജനസംഖ്യ | 3,20,264 | 3,41,862 | 2,64,300 | 2,43,129 | 1,77,157 |
| വില്ലേജുകൾ | ഉദുമ<br>പനയാൽ<br>പള്ളിക്കര<br>കീക്കാനം<br>ചിത്താരി<br>അജാനൂർ<br>പുല്ലൂർ<br>ഹോസ്ദുർഗ്ഗ്<br>കാഞ്ഞങ്ങാട്<br>അമ്പലത്തറ<br>ബല്ല<br>ബാര<br>പള്ളിക്കരII<br>പുതുക്കൈ<br>പെരിയ<br>ബേളൂർ<br>കോടോത്ത്<br>തായന്നൂർ<br>കള്ളാർ<br>പനത്തടി | നീലേശ്വരം<br>പേരോൽ<br>ചെറുവത്തൂർ<br>ക്ലായിക്കോട്<br>തിമിരി<br>ചീമേനി<br>മടിക്കൈ<br>കയ്യൂർ<br>ബളാൽ<br>ഭീമനടി<br>കരിന്തളം<br>കിനാനൂർ<br>ചീമേനി2<br>ചിറ്റാരിക്കാൽ<br>മാലോം<br>പരപ്പ<br>എളേരി<br>പാലാവയൽ<br>മാണിയാട്ട്<br>ഉദിനൂർ<br>വടക്കെ<br>തൃക്കരിപ്പൂർ<br>തെക്കെ<br>തൃക്കരിപ്പൂർ<br>പടന്ന<br>കൊടക്കാട്<br>വലിയപറമ്പ<br>പീലിക്കോട് | ഉദുമ<br>പനയാൽ<br>പള്ളിക്കര<br>കീക്കാനം<br>ചിത്താരി<br>അജാനൂർ<br>പുല്ലൂർ<br>ഹോസ്ദുർഗ്ഗ്<br>കാഞ്ഞങ്ങാട്<br>അമ്പലത്തറ<br>ബല്ല<br>ബാര<br>പള്ളിക്കര II<br>പുതുക്കൈ<br>പെരിയ | നിലേശ്വരം<br>പേരോൽ<br>ചെറുവത്തൂർ<br>ക്ലായിക്കോട്<br>തിമിരി<br>ചീമേനി<br>മടിക്കൈ<br>കയ്യൂർ | ബളാൽ<br>ഭീമനടി<br>കരിന്തളം<br>കിനാനൂർ<br>ചീമേനിII<br>ചിറ്റാരിക്കാൽ<br>മാലോം<br>പരപ്പ<br>എളേരി<br>പാലവയൽ<br>ബേളൂർ<br>കോടോത്ത്<br>തായന്നൂർ<br>കള്ളാർ<br>പനത്തടി |
| | | ചെറുവത്തൂർ<br>ചീമേനി<br>മടിക്കൈ | | | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്തുകൾ | ഉദുമ<br>പള്ളിക്കര<br>അജാനൂർ<br>പുല്ലൂർ<br>പെരിയ<br>കാഞ്ഞങ്ങാട്<br>മുൻസിപ്പാലിറ്റി<br>കള്ളാർ<br>പനത്തടി,<br>കോടോം–ബേളൂർ | കയ്യൂർ<br>പടന്ന<br>പിലിക്കോട്<br>തൃക്കരിപ്പൂർ<br>വലിയപറമ്പ<br>നിലേശ്വരം<br>ബളാൽ<br>കിനാനൂർ<br>കരിന്തളം<br>വെസ്റ്റ്എളേരി<br>ഈസ്റ്റ്എളേരി<br>നിലേശ്വരം<br>മുൻസിപ്പാലിറ്റി | ഉദുമ<br>പള്ളിക്കര<br>അജാനൂർ<br>പുല്ലൂർ<br>പെരിയ | ചെറുവത്തൂർ<br>മടിക്കൈ<br>നിലേശ്വരം<br>മുൻസിപ്പാലിറ്റി | ബളാൽ<br>കരിന്തളം<br>കിനാനൂർ<br>വെസ്റ്റ് എളേരി<br>ഈസ്റ്റ് എളേരി<br>കള്ളാർ<br>പനത്തടി<br>കോടോം–ബേളൂർ<br>കയ്യൂർ - ചീമേനി |
| പോലീസ് സ്റ്റേഷന് | 4 | 4 | | 4 | 3 |
| ലൈസൻസ് സ്ഥാപനങ്ങളുടെ എണ്ണം | 61 | 65 | | | 8 |

ഹോസ്ദുർഗ്ഗ് റേഞ്ചിൽ നിലവിൽ 20 വില്ലേജുകളാണ് ഉള്ളത്. അതിൽ നിന്ന് 5 വില്ലേജുകൾ ബേളൂർ, കോടോത്ത്, തായന്നൂർ, കള്ളാർ, പനത്തടി എന്നിവ പുതിയ വെള്ളരിക്കുണ്ട് റേഞ്ചിലേയ്ക്കുപോകുന്നു. നീലേശ്വരംറേഞ്ചിൽ നിലവിൽ 26 വില്ലേജുകളിൽ നിന്നും 10 വില്ലേജുകൾ (ബളാൽ, ഭീമനടി, കരിന്തളം, കിനാനൂർ, ചീമേനി, ചിറ്റാരിക്കൽ, മാലോം, പരപ്പ, എളേരി, പാലവയൽ) വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ചിലേയ്ക്ക് പോകുകയും ബാക്കിയുള്ള 16 വില്ലേജുകളിൽ 8 എണ്ണംനിർദ്ദിഷ്ട തൃക്കരിപ്പൂർ റേഞ്ചിലും ഉൾപ്പെടുന്നു. ബാക്കി 8 വില്ലേജുകൾ മാത്രമേ നിർദ്ദിഷ്ട നീലേശ്വരം റേഞ്ച് പരിധിയിൽ ഉൾപ്പെടുകയുള്ളു. ടി വില്ലേജുകൾ അതാത് റേഞ്ച് പരിധിയിൽ പുന:ക്രമീകരിക്കേണ്ടതാണ്.

നിർദ്ദിഷ്ട വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ചിന്റെ പരിധയിൽ നിന്നും കണ്ടെത്തിയ അബ്കാരി/എൻ.ഡി.പി.എസ്സ് കേസുകളുടെ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| 2018 | | 2019 | | 2020 | |
|---|---|---|---|---|---|
| അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 89 | 2 | 168 | 5 | 132 | 0 |

തിരുവനന്തപുരം ജില്ലയിലെ നേമം, വഞ്ചിയൂർ, കൊല്ലം ജില്ലയിലെ പുനലൂർ, കുണ്ടറ പത്തനംതിട്ട ജില്ലയിൽ പമ്പ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കോട്ടയം ജില്ലയിലെ നെടുകുന്നം,

എറണാകളം ജില്ലയിലെ കാക്കനാട്, ഇടുക്കി ജില്ലയിലെ രാജാക്കാട്, വണ്ടൻമേട്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംമ്പാറ, തൃശ്ശൂർ ജില്ലയിലെ പീച്ചി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, വയനാട് ജില്ലയിലെ പുൽപ്പള്ളി, കണ്ണൂർ ജില്ലയിലെ ചെറുപുഴ, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, എന്നീ 17 റേഞ്ചുകളിൽ ഓരോ എക്സൈസ് റേഞ്ചിലും എക്സൈസ് ഇൻസ്പെക്ടർ-1, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ-1, പ്രിവന്റീവ് ഓഫീസർ-4, സിവിൽ എക്സൈസ് ഓഫീസർ-14, വനിതാ സിവിൽ എക്സൈസ് ഓഫീസർ-4, ഡ്രൈവർ-1, പാർട്ട് ടൈം സ്വീപ്പർ-1 എന്നിങ്ങനെ 26 തസ്തികകൾ വീതം 442 പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതാണ്. ടി തസ്തികകൾ രൂപീകരിക്കുമ്പോൾ സൃഷ്ടിക്കേണ്ടിവരുന്ന തസ്തികകളുടെ വിവരവും ആവർത്തന അനാവർത്തന ചെലവുകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| Sl.no | സൃഷ്ടിക്കേണ്ട തസ്തികയും ശമ്പള സ്കെയിലും | തസ്തിക കളുടെ എണ്ണം | അടിസ്ഥാന ശമ്പളം | DA 7% | ഒരു മാസത്തെ ആകെ ചിലവ് | ഒരു വർഷത്തെ ആകെ ചിലവ് |
|---|---|---|---|---|---|---|
| 1 | എക്സൈസ് ഇൻസ്പെക്ടർ 43,400-91,200 | 17x1=17 | 43,400 | 3,038 | 7,89,446 | 94,73,352 |
| 2 | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ 41300-87000 | 17x1=17 | 41,300 | 2,891 | 7,51,247 | 90,14,964 |
| 3 | പ്രിവന്റീവ് ഓഫീസർ 37,400-79,000 | 4x17=68 | 37,400 | 2,618 | 27,21,224 | 3,26,54,688 |
| 4 | സിവിൽ എക്സൈസ് ആഫീസർ 27900-63700 | 14x17=238 | 27,900 | 1,953 | 7,05,014 | 8,52,60,168 |
| 5 | വനിതാ സിവിൽ എക്സൈസ് ആഫീസർ 27900-63700 | 4x17=68 | 27,900 | 1,953 | 20,30,004 | 2,43,60,048 |
| 6 | എക്സൈസ് ഡ്രൈവർ 26,500-60,700 | 1x17=17 | 26,500 | 1,855 | 4,82,035 | 57,84,420 |
| | പാർട്ട് ടൈം | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 7 | സ്വീപ്പർ<br>13000-21080 | 1x17=17 | 13,000 | 910 | 2,36,470 | 28,37,640 |
| | ആകെ | 442 | 2,17,400 | 15,218 | 1,41,15,440 | 16,93,85,280 |

ടി തസ്തിക രൂപീകരണത്തോടൊപ്പം തന്നെ ഓരോ ഓഫീസുകളിലേയ്ക്കുമായി വെള്ളം, ടെലഫോൺ, വൈദ്യുതി, തുടങ്ങിയ ആവർത്തന ചെലവുകൾക്കായി വർഷത്തിൽ 70,000/- രൂപ വീതം ചിലവാകുന്നതാണ്. (70,000/-x 17= 11,90,000). **ഒരു വർഷത്തെ ആകെ ആവർത്തന ചെലവ്= 16,93,85,280 + 11,90,000= 17,05,75,280 രൂപ മാത്രം.** കൂടാതെ 17 റേഞ്ചുകളിലായി പുതിയ (Four wheeler) വാഹനങ്ങളും, പുനലൂർ, കുണ്ടറ, പമ്പ, നെടുക്കുന്നം എന്നീ 4 റേഞ്ച് ഓഫീസുകളിൽ ഓരോ ബൈക്ക് വീതം 4 ബൈക്കുകളും വാങ്ങേണ്ടതുമാണ്. ആയതിന്റെ ചെലവിനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | വാഹനം | എണ്ണം | ഒന്നിന്റെ വില | ആകെ |
|---|---|---|---|---|
| 1 | ബൈക്ക് (Two Wheeler) | 4 | 90,000 | 3,60,000 |
| 2 | ജീപ്പ് (Four Wheeler) | 17 | 10,00,000 | 1,70,00,000 |
| | ആകെ | 21 | 10,90,000 | 1,73,60,000 |

ഫർണിച്ചർ, കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, മറ്റ് അത്യാവശ്യ അനാവർത്തന ചെലവുകൾക്കായി ഉദ്ദേശം 3,00,000 രൂപ വീതം ഓരോ റേഞ്ച് ഓഫീസുകൾക്കും ആനാവർത്തന ചെലവ് പ്രതീക്ഷിക്കുന്നു. (3,00,000x17= 51,00,000/- രൂപമാത്രം.

മേൽ സാഹചര്യത്തിൽ അധികാരപരിധി വലുതായ റേഞ്ചുകളിൽ നിന്നും പുതിയതായി രൂപീകരിക്കേണ്ട 17 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന വിഷയത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

എക്സൈസ് കമ്മീഷണർക്കു വേണ്ടി

Additional Excise Commissioner
(Administration)
Commissionerate of Excise
Thiruvananthapuram

COMMISSIONERATE OF EXCISE
THIRUVANANTHAPURAM

COMMISSIONERATE OF EXCISE
DESPATCHED
24/5/28